# കൊടിയേറ്റം – അടൂർ ഗോപാലകൃഷ്ണൻ

**<u>അർഥങ്ങൾ</u>**

ഒട്ട് = അൽപം(കുറച്ച്)
സാന്ദ്രം = സമൃദ്ധമായ
ആഹ്ലാദം = സന്തോഷം
ദൃശ്യം = കാഴ്ച
കാതര = പരവശ(ഭീരു)
ശങ്കിക്കുക = സംശയിക്കുക
കോന്തല = ഉടുവസ്ത്രത്തിന്റെ അറ്റം
സംഭ്രമം = പേടി
പൂർവാധികം = മുമ്പത്തേക്കാൾ അധികം
അർധോക്തി = പകുതി പറഞ്ഞുനിർത്തിയ വാക്ക്
അക്ഷമൻ = ക്ഷമയില്ലാത്തവൻ
ആഗതൻ = വന്നവൻ
സങ്കോചം = ചുരുങ്ങൽ(ലജ്ജ)
കൃതാർഥത = ചാരിതാർഥ്യം(സംതൃപ്തി)
പ്രതിവചിക്കുക = മറുപടി പറയുക
അർഥഗർഭം = അർഥപൂർണമായ
വിരഹം = വേർപാട്
പ്രസന്നം = സന്തോഷമുള്ള
നിർദേശിക്കുക=ചൂണ്ടിക്കാണിക്കുക (ആജ്ഞാപിക്കുക)

**<u>പര്യായങ്ങൾ</u>**

ലജ്ജ – ത്രപ, നാണം
സ്ത്രീ – അംഗന, നാരി
ദൃശ്യം – കാഴ്ച, നോട്ടം
വിരഹം – വിയോഗം, വേർപാട്
ദിക്ക് – ദിശ, ആശ
വാക്ക് – മൊഴി, വചനം
വയൽ – പാടം, കണ്ടം

**<u>വിപരീതങ്ങൾ</u>**

ഉത്സാഹം × നിരുത്സാഹം
പ്രത്യക്ഷം × അപ്രത്യക്ഷം(പരോക്ഷം)
സങ്കോചം × വികാസം
സംതൃപ്തി × അസംതൃപ്തി
സമീപം × വിദൂരം
വിരഹം × സംയോഗം

**<u>അർഥവ്യത്യാസം</u>**

നോട്ടം – കാഴ്ച, നേട്ടം – ഉയർച്ച

**<u>എതിർലിംഗം</u>**

ആഗതൻ – ആഗത
കാവൽക്കാരൻ – കാവൽക്കാരി
വിനീതൻ – വിനീത
പ്രസന്നവദനൻ – പ്രസന്നവദന
അമ്മായി – അമ്മാവൻ
തള്ള – തന്ത

**<u>സന്ധി</u>**

ലജ്ജയോടെ – ലജ്ജ + ഓടെ (ആഗമസന്ധി)
തലയുയർത്തി – തല + ഉയർത്തി (ആഗമസന്ധി)
മെല്ലെത്തിരിഞ്ഞ് – മെല്ലെ + തിരിഞ്ഞ് (ദ്വിത്വസന്ധി)
പെട്ടെന്നുയർത്തിയ – പെട്ടെന്ന് + ഉയർത്തിയ (ലോപസന്ധി)

വൃക്ഷത്തലപ്പുകൾ – വൃക്ഷ + തലപ്പുകൾ (ലോപസന്ധി)

പെരുതായിത്തീർന്ന – പെരുതായി + തീർന്ന (ദ്വിത്വസന്ധി)

കണ്ണെഴുതി – കണ്ണ് + എഴുതി (ലോപസന്ധി)

കൃതാർഥതയോടെ – കൃതാർഥത + ഓടെ (ആഗമസന്ധി)

മുറ്റത്തേക്കിറങ്ങി – മുറ്റത്തേക്ക് + ഇറങ്ങി (ലോപസന്ധി)

**<u>സമാസങ്ങൾ</u>**

തുണിത്തുണ്ട് – തുണിയുടെ തുണ്ട് (സംബന്ധിക തത്പുരുഷൻ)

പുത്തനുടുപ്പ് – പുത്തനായ ഉടുപ്പ് (കർമധാരയൻ)

തൊഴിലാളിസ്ത്രീ – തൊഴിലാളിയായ സ്ത്രീ (കർമധാരയൻ)

പ്രസന്നവദനൻ – പ്രസന്നമായ വദനത്തോട് കൂടിയവൻ (ബഹുവ്രീഹി സമാസം)

പൂർവാധികം – പൂർവത്തേക്കാളധികം (അവ്യയീഭാവ സമാസം)

വീട്ടുപറമ്പ് – വീടിനു ചുറ്റുമുള്ള പറമ്പ് (മധ്യമപദലോപി)

ഭയസംഭ്രമങ്ങൾ – ഭയവും സംഭ്രമവും (ദ്വന്ദ്വസമാസം)

ധീരകൃത്യം – ധീരമായ കൃത്യം (കർമധാരയൻ)

ചെറുചിരി – ചെറിയ ചിരി (കർമധാരയൻ)

*     *     *     *